# 014/DM/18

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

## DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours                                                    Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

മംഗളൂരു : ഇന്ത്യയുടെ ആദ്യ ചൊവ്വാപര്യവേഷണ ഉപഗ്രഹമായ മംഗൾയാന്റെ പ്രവർത്തനം നിലയ്ക്കുന്നത് ഒഴിവാക്കാൻ ഭ്രമണപഥം മാറ്റി. ഇതോടെ ഉപഗ്രഹത്തിന്റെ ആയുസ്സ് മൂന്നുവർഷം നീട്ടിക്കിട്ടി.

ജനുവരി പതിനെട്ടിനു രാത്രിയിലാണ് മംഗൾയാനെ പുതിയ ഭ്രമണപഥത്തിലേക്ക് ഉയർത്തിയത്. ഐ.എസ്.ആർ.ഓ.യുടെ മംഗളൂരു പീനിയായിലുള്ള ടെലിമെട്രി ട്രാക്കിംഗ് ആൻഡ് കമാൻഡ് നെറ്റ്വർക്ക് കേന്ദ്രത്തിലെ എട്ടു ശാസ്ത്രജ്ഞരാണ് ദൗത്യം വിജയകരമാക്കിയത്.

നാനൂറ്റിമുപ്പത്തിയൊന്നു സെക്കന്റ് സമയംവരെ എട്ടു ത്രസ്റ്റർ റോക്കറ്റുകൾ ജ്വലിപ്പിച്ചപ്പോൾ മംഗൾയാൻ പുതിയ ഭ്രമണപഥത്തിലേക്ക് നീങ്ങി നിലയുറപ്പിച്ചെന്ന് ദൗത്യത്തിൽ പങ്കെടുത്ത ശാസ്ത്രജ്ഞർ പറഞ്ഞു.

2. Translate into English :

ചെന്നൈ : ചെന്നൈയിലെ കലാസാംസ്കാരികരംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന ശ്രീ. സി. കൃഷ്ണരാജനെ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ എട്ടാം ചരമവാർഷികദിനത്തിന്റെ ഭാഗമായി സപര്യ കലാസാംസ്കാരിക വേദിയാണ് അനുസ്മരണപരിപാടി സംഘടിപ്പിച്ചത്.

മദ്രാസ് മലയാളി അസ്സോസിയേഷൻ സെക്രട്ടറി സി. ശാന്തകുമാരി, കൃഷ്ണരാജൻ അനുസ്മരണപ്രഭാഷണം നടത്തി. സി.പി. ഉത്തമരംഗൻ, രാഗം വിജയകുമാർ, എസ്.വി. മേനോൻ എന്നിവർ സംസാരിച്ചു. ഡോ. രവിചന്ദ്രൻ അദ്ധ്യക്ഷനായി.

സപര്യയുടെ സ്ഥാപകരിൽ ഒരാളായിരുന്ന ജെ.എൻ. അച്യുതന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ അച്യുതൻ സ്മാരകവിദ്യാഭ്യാസസ്കോളർഷിപ്പ് മലയാളവിദ്യാലയത്തിലെ പത്താംക്ലാസ്സ് വിദ്യാർത്ഥി സാരംഗിന് സി.പി. ഉത്തമരംഗൻ സമ്മാനിച്ചു. സപര്യ സെക്രട്ടറി ജനറൽ വി.എം. അനിൽകുമാർ സ്വാഗതവും ട്രഷറർ ഐ. ജയപ്രസാദ് നന്ദിയും പറഞ്ഞു.

3. Translate into English :

ആയിരത്തി തൊള്ളായിരത്തി ഇരുപത്തിനാല് ജനുവരി പതിനാറിന് ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിക്കടുത്ത് പല്ലനയാറ്റിൽ ഉണ്ടായ റെഡീമർ ബോട്ടപകടത്തിലാണ് കുമാരനാശാന്റെ മരണം. കൊല്ലത്തുനിന്ന് ആലുവയിലേക്കുള്ള യാത്രയിലായിരുന്നു കുമാരനാശാൻ. യാത്രക്കാരുടെ എണ്ണക്കൂടുതൽ കാരണം കയറിയ ബോട്ട് ആറ്റിൽ മുങ്ങുകയായിരുന്നു. പിന്നീട് കുമാരകോടി എന്നറിയപ്പെട്ട സ്ഥലത്താണ് കുമാരനാശാന്റെ ശവകുടീരം നിർമ്മിച്ചത്. ജന്മദേശമായ കായിക്കരയിലും ആശാന് സ്മാരകമന്ദിരം സ്ഥാപിച്ചിട്ടുണ്ട്.

4. Translate into English :

ചെന്ത്രാപ്പിന്നി : രണ്ടായിരത്തിപ്പതിനേഴിലെ മെഡിക്കൽ പ്രവേശനപരീക്ഷയിൽ പന്ത്രണ്ടാം റാങ്ക് നേടിയ ചെന്ത്രാപ്പിന്നി സ്വദേശിനി ആശയ്ക്ക് സ്വന്തമായി വീടൊരുക്കി. കനത്ത ദാരിദ്ര്യത്തിനിടയിലും ടാർപോളിൻ മറച്ച മുറിയിലിരുന്നു പഠിച്ച് വിജയം നേടിയ ആശയ്ക്ക് നാട്ടുകൂട്ടായ്മയാണ് ഒരു വർഷം കൊണ്ട് വീടു നിർമ്മിച്ചു നൽകിയത്.

മുഖ്യമന്ത്രി വീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിനിയാണ് ആശയിപ്പോൾ. നാട്ടുകാരുടെ ഈ നന്മയെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ''ഇത്തരം കൂട്ടായ്മകൾ ദേശത്തിന്റെ പുരോഗതിയ്ക്ക് വിലപ്പെട്ട സംഭാവന നൽകുമെന്ന് മുഖ്യമന്ത്രി'' കൂട്ടിച്ചേർത്തു.

5. Translate into English :

പാലക്കാടിന്റെ ശരാശരി താപനില മുപ്പത്തൊൻപതു ഡിഗ്രിയിലേക്ക് ഉയർന്നു

പാലക്കാട് : കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന പ്രദേശമാണ് പാലക്കാട്. കഴിഞ്ഞ മാസം പാലക്കാട് രേഖപ്പെടുത്തിയ താപനില 37 ഡിഗ്രി സെൽഷ്യസ് ആണ്. എന്നാൽ ഈ മാസത്തിൽ ശരാശരി താപനില 39 ഡിഗ്രിയിലെത്തി.

പാലക്കാടിന്റെ ചൂട് ഇത്ര വർദ്ധിക്കുന്നതിന്റെ ശാസ്ത്രീയകാരണം കണ്ടെത്തണമെന്ന നാട്ടുകാരുടെ ആവശ്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തുന്ന സ്ഥലം എന്ന ഖ്യാതി എന്നും സ്വന്തമാക്കാനൊരുങ്ങുകയാണ് പാലക്കാട്.